# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 1585 - 04/10/2016 - ലെ മറുപടിക്ക്**

## സംസ്ഥാനത്തിന്റെ കടബാധ്യത

**ചോദ്യം**

**ഉത്തരം**

ശ്രീ.യു.ആർ.പ്രദീപ്

ഡോ. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| ചോദ്യം | | ഉത്തരം |
|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വരുന്ന സമയത്ത് സംസ്ഥാനത്തിന്റെ കടബാധ്യത എത്ര കോടി രൂപയായിരുന്നു; | അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ (സപ്ലിമെന്ററി) പ്രകാരം 31.03.2016-ൽ സംസ്ഥാനത്തിന്റെ പൊതുകടം 1,57,385.94 കോടിരൂപ യായിരുന്നു. |
| (ബി) | കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ 5 വർഷക്കാലത്ത് കടബാധ്യത എത്രകോടി രൂപയാണ് വർദ്ധിച്ചത്; | കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ കടബാധ്യതയിൽ 78712.70 കോടിരൂപ യുടെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. |
| (സി) | സംസ്ഥാനത്തിന്റെ കടബാധ്യത ക്രമേണ കുറച്ചു കൊണ്ടുവരുന്നതിന് ധനകാര്യവകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ? | വായ്പാത്തുക റവന്യൂ ചെലവുകൾക്കായി വിനിയോഗിക്കേണ്ടിവരുന്ന സ്ഥിതിവിശേഷ മാണ് ആശങ്കാജനകം. സംസ്ഥാനത്തിന്റെ നികുതി, നികുതിയേതര വരുമാനത്തിൽ നിന്നും നിത്യനിദാന ചെലവുകൾ നടത്താൻ കഴിയണം. നികുതി വരുമാനം വർദ്ധിപ്പിച്ചുകൊണ്ടേ ഇത് കൈവരിക്കാ നാകൂ. വായ്പയെടുത്ത് ആസ്തികൾ സൃഷ്ടിക്കുന്ന ചെലവുകൾ ചെയ്യുന്നതിൽ സർക്കാരിന് യോജിപ്പാണ്. കേന്ദ്രം അനുവദിക്കുന്ന വായ്പാ പരിധിയ്ക്ക് അനുസൃതമായി മാത്രമേ സംസ്ഥാനത്തിന് കടമെടുക്കാൻ കഴിയൂ. വായ്പയെടുക്കുന്ന പണം മുഴുവൻ റവന്യൂ ചെലവുകൾക്ക് വിനിയോഗിക്കേണ്ട സ്ഥിതിയിലാണ് ഇപ്പോൾ സംസ്ഥാനം. നികുതി വരുമാനം വർദ്ധിപ്പിച്ചും അനാവശ്യ ചെലവുകൾ നിയന്ത്രിച്ചും കൊണ്ടേ ഈ സ്ഥിതി വിശേഷം നേരിടാനാകൂ. |

*അക്കൗണ്ട്സ് ഓഫീസർ*